**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 424 | 19.10.2011–ലെ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി ജോർജ്<br>„ റോഷി അഗസ്റ്റിൻ<br>„ തോമസ് ഉണ്ണിയാടൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ പ്രസ്ഥാനങ്ങളിൽ കെട്ടിക്കിടക്കുന്ന കോടിക്കണെക്കിന് രൂപാ, ഉത്പാദനാധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായി വിനിയോഗിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിലുള്ള നിക്ഷേപ ബാക്കി നിൽപിൽ നിയമാനുസൃതം സൂക്ഷിക്കേണ്ട കരുതലുകൾ ഒഴികെ മുഴുവൻ തുകയും വായ്പയായി നൽകിയിട്ടുള്ള സാഹചര്യമാണ് നിലവിലുള്ളത്. 31.8.2011-ലെ സ്ഥിതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിൽ 69540.21 കോടി രൂപയുടെ നിക്ഷേപമാണുള്ളത്. പ്രസ്തുത തീയതിയിൽ 50250 കോടി രൂപയുടെ വായ്പ ബാക്കി നിൽപുണ്ട്. സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് പുതിയ വായ്പാപദ്ധതികൾ ആവിഷ്കരിച്ച് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട്. ഉല്പാദനാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സഹകരണ ബാങ്കുകൾ വായ്പ നൽകി വരുന്നുണ്ട്. |

(ബി) സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

(ബി) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രധാന വിഭവം നിക്ഷേപമാണ്. നിക്ഷേപം സമാഹരിക്കുന്നതിനും ആയതിലൂടെ സഹകരണ മേഖലക്ക് ശക്തമായ സാമ്പത്തിക അടിത്തറ കൈവരിക്കുന്നതിനുമായി 2011 നവംബർ 1 മുതൽ 30 വരെ നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദുർബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം, പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി എന്നിവ പ്രകാരം സർക്കാർ ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ദുർബല കാർഷികസംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന ശേഷി ശക്തിപ്പെടുത്തുക, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കുന്നു. കൂടാതെ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ ധനസഹായം എൻ.സി.ഡി.സി/ നബാർഡ് എന്നീ ഏജൻസികളിൽ നിന്നും ലഭ്യമാകുന്നുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന സഹകരണ

സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സഹകരണ ക്ഷേമവികസന പദ്ധതി കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. സഹകരണ സ്ഥാപനങ്ങളുടെ ഭരണ കർതൃത്വം, നടത്തിപ്പ്, സാമ്പത്തികം എന്നീ മേഖലകളിലുള്ള സഹകരണ സ്ഥാപനങ്ങളുടെ ബലക്ഷയവും, ആഡിറ്റ് നടത്തുന്നതിനുള്ള കാലതാമസവും കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനായി ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ച സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്ത് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ സഹകരണ മേഖലയുടെ ആധുനികവത്കരണവും, വൈവിദ്ധ്യവത്കരണവും, ഉൾപ്പെടെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സമഗ്ര വികസനവും ലക്ഷ്യമാക്കിയിട്ടുള്ള ഒരു പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ